## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *236**      **12.02.2019-ൽ മറുപടിയ്ക്ക്**

# ഗോത്രരശ്മി പദ്ധതി വഴി നടത്തുന്ന പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ.ഒ. ആർ. കേളു**
**ശ്രീകെ.വി.വിജയദാസ്**
**ശ്രീആന്റണി ജോൺ**
**ശ്രീകെ. ആൻസലൻ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടിക ഗോത്രവർഗ്ഗക്കാർക്കായി സർക്കാർ പുതുതായി ആവിഷ്കരിച്ചിട്ടുള്ള നൈപുണ്യ വികസന പരിശീലന പദ്ധതി പ്രകാരമുള്ള പരിശീലനശേഷം തൊഴിൽ ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താനായി പ്ലേസ്മെന്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; | എ) | പട്ടികവർഗ്ഗ വികസന വകുപ്പ്, നടപ്പിലാക്കുന്ന എല്ലാ നൈപുണ്യ പരിശീലന പരിപാടികളിലും പരിശീലനം പൂർത്തിയാകുന്നതോടുകൂടി വിവിധ തൊഴിൽ സ്ഥാപനങ്ങളിൽ ജോലി ലഭ്യമാക്കും എന്ന് ഉറപ്പാക്കുന്നതിന് വിവിധ പരിശീലന സ്ഥാപനങ്ങളുമായി കരാർ ഉണ്ടാക്കുന്നുണ്ട്. എല്ലാ പരിശീലനാർത്ഥികളും ജോലിയിൽ പ്രവേശിച്ചതായുള്ള രേഖ ഹാജരാക്കുന്ന മുറക്ക് മാത്രമേ സ്ഥാപനത്തിനുള്ള അവസാന ഗഡു തുക അനുവദിക്കുകയുള്ളൂ. |
| ബി) | പട്ടിക ഗോത്രവർഗ്ഗക്കാർക്ക് സർക്കാർ സർവ്വീസിൽ മതിയായ പ്രാതിനിധ്യം ഉറപ്പാക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വനം, പോലീസ്, എക്സൈസ് തുടങ്ങിയ വകുപ്പുകളിൽ പട്ടിക ഗോത്രവർഗ്ഗക്കാരെ പ്രത്യേകമായി നിയമിക്കാനുള്ള നടപടി പൂർത്തിയായോ; വിശദമാക്കുമോ; | ബി) | കേരള സർക്കാരിന് കീഴിലുള്ള വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിന് സെക്രട്ടറി, ധനവകുപ്പ് ചെയർമാനും, പൊതുഭരണം, പട്ടികജാതി/പട്ടികവർഗ്ഗ സെക്രട്ടറിമാർ മെമ്പർമാരുമായുള്ള ഒരു ഉന്നതതല സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമയബന്ധിതമായി യോഗം ചേരുകയും വിവിധ വകുപ്പുകളിൽ റിപ്പോർട്ട് ചെയ്യാതെ കിടന്നിരുന്ന ഒഴിവുകൾ ഉണ്ടെങ്കിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ഒടുവിലത്തെ യോഗം 07.11.2017-ന കൂടുകയും നിയമനം |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച് സ്ഥിതി വിവര കണക്കുകൾ ആവശ്യപ്പെടുകയും നിയമനങ്ങൾ ത്വരിതപ്പെടുത്തുവാൻ ആവശ്യപ്പെടുകയും ചെയ്തു. ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 07.01.2019-ന് ഇത് സംബന്ധിച്ച് എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാരുമായി ഒരു യോഗം ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.<br><br>പട്ടിക ഗോത്രവർഗ്ഗക്കാർക്ക് സംസ്ഥാന സർവ്വീസിൽ മതിയായ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് രൂപീകരിച്ച് പോലീസ്, എക്സൈസ് വകുപ്പുകളിൽ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും (വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനത്തിലും വനാതിർത്തിയിലും അധിവസിക്കുന്ന ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കായി) പോലീസ് വകുപ്പിൽ സിവിൽ പോലീസ് ഓഫീസർ, വുമൺ സിവിൽ പോലീസ് ഓഫീസർ, എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിൽ 100 ഒഴിവുകളിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ നൽകിയിട്ടുണ്ട്.<br><br>ആദിവാസി മേഖലകളിൽ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബ്ലോക്ക്, മലപ്പുറം ജില്ലയിലെ നിലമ്പൂർ, കാളികാവ്, അരീക്കോട് ബ്ലോക്കുകൾ, വയനാട് ജില്ല (മുഴുവൻ) എന്നിവിടങ്ങളിലെ വനാതിർത്തിയിലും വനത്തിനുള്ളിലും വസിക്കുന്ന ആദിവാസി വിഭാഗങ്ങളിലെ യോഗ്യരായ 75 യുവതീ-യുവാക്കളെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ നിയമിച്ചിട്ടുണ്ട്. ഇവരുടെ പരിശീലനം അന്തിമഘട്ടത്തിലാണ്.<br><br>വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലെ വനാന്തരങ്ങളിലും വനാതിർത്തികളിലും സെറ്റിൽമെന്റ് കോളനികളിലും താമസിക്കുന്ന ട്രൈബൽ വിഭാഗത്തിലെ യുവതീ യുവാക്കൾക്ക് നിയമനം നൽകുന്നതിനായി 25 സിവിൽ എക്സൈസ് ഓഫീസർമാരുടെ റെഗുലർ തസ്തിക സൃഷ്ടിച്ച് പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി 2 വനിതകൾ ഉൾപ്പെടെ 25 പേർക്ക് എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർമാരായി നിയമനം നൽകിയിട്ടുണ്ട്.<br><br>ആദിവാസി വിഭാഗത്തിൽ നിന്നും 2001-ൽ ഫോറസ്റ്റ് ഗാർഡ് തസ്തികയിൽ 300 പേരെ സൂപ്പർ ന്യൂമററിയായും, |

| | | | |
|---|---|---|---|
| | | | 2013-ൽ 700 വാച്ചർ തസ്തികകൾ പുതുതായി സൃഷ്ടിച്ചും സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന വനം വകുപ്പിൽ നിയമനം നൽകിയിരുന്നു. |
| സി) | ഗോത്രരശ്മി പദ്ധതി വഴി പട്ടിക ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | സി) | ഇടുക്കി ജില്ലയിലെ പട്ടിക വർഗ്ഗ വിഭാഗങ്ങളായ മന്നാൻ, മുതുവാൻ, ഊരാളി, ഹിൽപുലയ, പളിയർ തുടങ്ങിയ ഗോത്രവിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങളിൽ അവരെ പ്രാപ്തരാക്കുന്നതിനും ശക്തമായ ഒരു നേതൃത്വ നിര വാർത്തെടുക്കുന്നതിനുമായി അവലംബിച്ച പദ്ധതിയാണ് ഗോത്രരശ്മി.<br><br>അവരുടെ ജീവിത രീതികളിലെ സാംസ്കാരിക തനിമ നിലനിർത്തി കൊണ്ട് പുതിയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും ആരോഗ്യ വിദ്യാഭ്യാസ തൊഴിൽ മേഖലകളിൽ കരുത്താർജ്ജിക്കുന്നതിനും അവർക്ക് ആത്മ വിശ്വാസം പകരുന്നതിനും ലക്ഷ്യം വച്ച് നടപ്പിലാക്കിയ പദ്ധതിയാണിത്.<br><br>ഗോത്ര വിഭാഗങ്ങളുടെ കാലാരൂപങ്ങൾ, കൃഷി, ആചാരാനുഷ്ഠാനങ്ങൾ, ഋതു ഭേദ സഞ്ചാര പഠനത്തിലൂടെ മനസ്സിലാക്കി, ആയതനുസരിച്ചുള്ള കൃഷി രീതി നടപ്പിലാക്കൽ, കാർഷിക സംസ്കൃതി പരിപോഷപ്പിക്കൽ, ലഹരി വിമുക്ത പ്രവർത്തനം, സ്ത്രീ സൗഹൃദ ഊരുകളുടെ നിർമ്മിതി, നിർണ്ണായകമായ തീരുമാനമെടുക്കൽ പ്രക്രിയയിൽ കടന്നു വരുവാൻ യുവതി യുവാക്കളെ പ്രാപ്തമാക്കുക എന്നതാണ് ഗോത്ര രശ്മി പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി.<br><br>ഇടുക്കി ജില്ലയിലെ 5 പ്രധാനപ്പെട്ട ഗോത്ര സമൂഹങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും വിശകലനം ചെയ്യുന്നതിനും സാധിച്ചു. ഇതിലൂടെ ഇവർക്കായുള്ള മൈക്രോപ്ലാൻ പദ്ധതി രൂപീകരണത്തിന് സഹായകമായിട്ടുണ്ട്.<br><br>• തങ്ങളെ ചൂഴ്ന്ന് നിൽക്കുന്ന പ്രശ്നങ്ങളെ യഥാസമയം കണ്ടെത്തി ഭരണ സംവിധാനങ്ങൾക്ക് മുൻപിൽ അവ വ്യക്തമായി അവതരിപ്പിച്ച്, ഫലപ്രദമായ രീതിയിൽ അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും പ്രാപ്തിയുള്ള 50 ഗോത്ര രശ്മി ഗ്രൂപ്പുകൾ രൂപീകരിച്ചു. |

| | | | |
|---|---|---|---|
| | | | • പങ്കാളിത്താധിഷ്ഠിതഗ്രാമ അവലോകനം(പി.ആർ.എ) നടത്തി<br>• 200 പേർക്ക് നേതൃത്വ പരിശീലനം നൽകി<br>• 5 ഇടങ്ങളിലായി മതനിരപേക്ഷ കൂട്ടായ്മകൾ സംഘടിപ്പിച്ചു<br>• സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ.<br>• 11 വായനശാലകൾ രൂപീകരിച്ചു<br>• ഓർഗാനിക് തീയറ്ററിന്റെ ഭാഗമായി 5 ഇടങ്ങളിലായി 8 ഏക്കറിൽ കൃഷി ആരംഭിച്ചു.<br>• ലഹരി ബോധവത്ക്കരണത്തിന്റെ ഭാഗമായി തെരുവ് നാടക സംഘം രൂപീകരിച്ചു.<br>• 5 ഗോത്ര വർഗ്ഗജനതയെ സംബന്ധിച്ച് പ്രാഥമിക വിവര ശേഖരണം നടത്തി<br>• ഋതുഭേദ സഞ്ചാര പഠന പുസ്തകം തയ്യാറാക്കി<br>• സാമൂഹിക പരിവർത്തനങ്ങളും സാമ്പത്തിക ഉന്നതിയും ഗോത്ര സംസ്കൃത ഉന്നതിയും പരിരക്ഷിച്ചു കൊണ്ട് നടപ്പിലാക്കിയ പദ്ധതിയാണ് ഗോത്രരശ്മി. കാർഷികവൃത്തി മുതൽ പരമ്പരാഗത കലകളെവരെ പരസ്പരം സമന്വയിപ്പിച്ച് കൊണ്ടുള്ള ഒരു നേതൃത്വപരിശീലനവും ഇതിന്റെ ഭാഗമായി നടപ്പിലാക്കിയിരുന്നു. കാലാവസ്ഥയ്ക്ക് അനുസൃതമായ രീതിയിൽ പണ്ടുകാലങ്ങളിൽ ചെയ്തു വന്നിരുന്ന കൃഷി രീതി അനുവർത്തിക്കുന്നതിനും ഗോത്ര രശ്മി ഉപകരിച്ചു. വിദ്യാഭ്യാസത്തിലൂടെ 11 വായന ശാലകൾ ആരംഭിച്ചു. മദ്യം, മയക്കുമരുന്നുകൾക്കെതിരെയുള്ള ബോധ വത്ക്കരണ പരിപാടികളും പാരമ്പര്യ കലകളുടെ സംരക്ഷണവും, കാർഷിക സംസ്കൃതിയുടെ പരിപാലനവും ഉൾപ്പെടെ ഉറപ്പാക്കുന്ന ഒരു പദ്ധതിയാണ് ഗോത്രരശ്മി. |

**സെക്ഷൻ ഓഫീസർ**